LIBRARY ARCHIVES Kerala Legislative Assembly

വ്യാജ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുള്ള ജീവനക്കാർ

85 (89) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ ജോലിനോക്കിവരുന്ന ആരുടെയെങ്കിലും വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് വ്യാജമായിട്ടുള്ളതാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വ്യാജ സർട്ടിഫിക്കറ്റുമായി സർവ്വീസിൽ പ്രവേശിക്കപ്പെട്ടതായി ആക്ഷേപം ഉന്നയിക്കപ്പെട്ട എത്ര കേസ്സുകളിൽ ഇപ്പോൾ അന്വേഷണം നടന്നുവരുന്നുണ്ട് ;

(സി) സർവ്വീസിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ള ആരുടെയെങ്കിലും സർട്ടിഫിക്കറ്റ് വ്യാജമാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനക്ക് വിധേയ മാക്കിയിട്ടുണ്ടോ ; അപ്രകാരം ആരുടെയെങ്കിലും പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സെക്രട്ടേറിയറ്റിലെ തസ്തികകൾ

86(90) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി ആകെയുള്ള തസ്തികകൾ എത്രയാണെന്നും ഏതെല്ലാം പദവികളിൽപ്പെട്ടവയാണെന്നും വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എത്ര ജീവനക്കാരുടെ കുറവ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലുണ്ടെന്നും അവ ഏതെല്ലാം തസ്തികകളിലാണെന്നും പറയാമോ ;

(സി) പല സെക്ഷനുകളിലും ജീവനക്കാരുടെ കുറവുമൂലം എ.എൽ.എ.-മാർ നൽകിയിട്ടുള്ള ഫയലുകൾ പോലും നടപടിയാകാതെ കിടക്കുകയാണെന്നകാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇവിടങ്ങളിൽ ജീവനക്കാരെ നിയമിക്കാത്തത് എന്ന് പറയാമോ; ദീർഘകാലം ഒഴിവുകൾ നികത്താതെ നിലനിർത്തി തസ്തിക കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ 50 തസ്തികകളും ധനകാര്യ വകുപ്പിൽ 39 തസ്തികകളും നിയമ വകുപ്പിൽ 23 തസ്തികകളും നിലവിലുണ്ട്. ഈ വകുപ്പുകളിൽ നിലവിലുള്ള പദവികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 6 പേരുടെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ 13 പേരുടെയും സീനിയർഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാളുടെയും പി.എ. ഹയർ ഗ്രേഡ് തസ്തികയിൽ 8 പേരുടെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 45 പേരുടെയും കുറവുണ്ട്. കൂടാതെ ഓഫീസ് അറ്റൻഡന്റിന്റെ 50 ഒഴിവുകളും ഫുൾ ടൈം സ്വീപ്പറിന്റെ 6 ഒഴിവുകളും പാർട്ട്ടൈം സ്വീപ്പറിന്റെ 11 ഒഴിവുകളും ടെലിഫോൺ ക്ലീനറിന്റെ 3 ഒഴിവുകളും നിലവിലുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അസിസ്റ്റന്റ് തസ്തികയിൽ താല്ക്കാലികമായി 27 പേരുടെ കുറവുണ്ടായിട്ടുണ്ട്. ഇപ്പോൾ 20 പേരുടെ അഡ്വൈസ് പി.എസ്.സി.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റുമാരുടെ കേഡറിൽ 15 ഒഴിവുകളും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ കേഡറിൽ 14 ഒഴിവുകളും നിലവിലുണ്ട്. ഓഫീസ് അറ്റൻഡന്റുമാരുടെ 8 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ തസ്തികകൾ പ്രവേശന തസ്തികകളല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. നിയമ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ കുറവ് ഇല്ല.

(സി) ജീവനക്കാരുടെ കുറവ് ബോധ്യപ്പെട്ടുന്ന വകുപ്പുകളിൽ ആ കുറവ് നികത്തുന്നതിനുള്ള നടപടികൾ അടിയന്തരമായിത്തന്നെ സ്വീകരിക്കാറുണ്ട്. ദീർഘകാലം ഒഴിവുകൾ നികത്താതെ നിലനിർത്തി തസ്തിക കുറയ്ക്കുന്നതിന് ഉദ്ദേശമില്ല.

ദുരിതാശ്വാസനിധിയിൽനിന്നും തുക ലഭ്യമാക്കുവാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

87(91) ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസനിധി തുക വിതരണം ചെയ്യുന്നതിനാൽ, ജനപ്രതിനിധികൾവഴി സമർപ്പിക്കുന്ന, ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനുള്ള അപേക്ഷകൾ പാസാക്കുവാനും പാസാക്കിയ തുകകൾ ലഭിക്കാനും താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly